മി. സ്പീക്കർ: ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. പി. കെ. ഗുരുദാസൻ എന്നിവർ പേഴ്സണൽ എക്സ്പ്ലനേഷന് സമയം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## വ്യക്തിപരമായ വിശദീകരണം

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്നലെ ടെലിവിഷൻ ചാനലിൽ നടന്ന ചർച്ചയിൽ പങ്കെടുത്തപ്പോൾ പ്രീ-ബഡ്ജറ്റ് ഡിസ്കഷനുള്ള അധികാരം ധനമന്ത്രിക്കാണെന്നാണ് ഞാൻ പറഞ്ഞത്. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു കൊടുത്ത മൊഴിയിൽ പ്രീ-ബഡ്ജറ്റ് ഡിസ്കഷന്റെ കാര്യം പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഡോ. തോമസ് ഐസക്, ഇത് പേഴ്സണൽ എക്സ്പ്ലനേഷൻ ആണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രിലിമിനറി എൻക്വയറി ഓഫീസർ പറയുന്നു, Annexure-1- പ്രീ-ബഡ്ജറ്റ് ഡിസ്കഷൻ. എന്റെ ബഡ്ജറ്റ് സ്പീച്ച് നിങ്ങൾ ഇവിടെ ഉദ്ധരിച്ചു, അതാണ് പ്രൊസീഡ്യുവർ. ബഡ്ജറ്റിന് മുൻപ് നിരക്ക് പ്രഖ്യാപിക്കലല്ല; ബഡ്ജറ്റ് പ്രസംഗത്തിൽ നിരക്ക് പ്രഖ്യാപിക്കുകയും അത് സബ്ജക്റ്റ് കമ്മിറ്റി പരിശോധിക്കുകയും അതിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്യും. നിങ്ങൾ ചെയ്തത് അതല്ല. അതാണ് പറഞ്ഞത്.

മി. സ്പീക്കർ: യെസ്.....യെസ്...... പേഴ്സണൽ എക്സ്പ്ലനേഷൻ മാത്രം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഞാൻ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ബാർ ഓണേഴ്സിന്റെ യോഗം വിളിച്ചുകൂട്ടിയിരുന്നില്ല. 2007-ൽ അന്നത്തെ ടാക്സസ് സെക്രട്ടറിയുടെയും എക്സൈസ് കമ്മീഷണറുടെയും ശിപാർശ 4 ലക്ഷം രൂപ വർദ്ധിപ്പിക്കണമെന്നതായിരുന്നു. അന്ന് ആ നാല് ലക്ഷം രൂപ വർദ്ധിപ്പിക്കുകയും ചെയ്തു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അങ്ങ് പറഞ്ഞത് യോഗത്തിൽ പങ്കെടുക്കാൻ അബ്കാരികളെ ആരെയും വിളിച്ചില്ല എന്നല്ലേ; അതിൽ പങ്കെടുത്തവർ - ശ്രീ. ബിജു രമേശ്, ശ്രീ. എം. ഡി. രമേഷ്, ശ്രീ. ജോൺ കല്ലാട്ട്, ശ്രീ. എൻ. ശങ്കർ റെഡ്ഡി ........